## പതിനാലാം കേരളനിയമസഭ

## പത്തൊൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1388** — **06.03.2020 ൽ മറുപടിയ്ക്ക്**

# പ്രളയബാധിത പ്രദേശങ്ങളിൽ നടക്കുന്ന പ്രവൃത്തികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം. സ്വരാജ്** | **എ.സി.മൊയ്തീൻ**<br>**(തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മു[illegible]ന എന്തെല്ലാം പ്രവൃത്തികൾ നടത്തിവരുന്നുവെന്ന് അറിയിക്കുമോ; | (എ) സംസ്ഥാനത്ത് പ്രളയ ബാധിത പ്രദേശങ്ങളിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തങ്ങളുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പ്രളയത്തിൽ തകർന്ന റോഡ് / റോഡിതര ആസ്തികളുടെ പുനർനിർമ്മാണ / പുനരുദ്ധാരണ പ്രവർത്തനങ്ങൾ കൃഷിഭൂമിയുടെ വീണ്ടെടുക്കൽ എന്നിവ നടത്തിവരുന്നുണ്ട്. പ്രളയത്തിൽ തകർന്നതും തദ്ദേശസ്ഥാപനങ്ങളുടെ കീഴിൽ വരുന്നതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടാത്തതുമായ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിന് മുഖ്യമന്ത്രിയുടെ 'തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി' നടപ്പിലാക്കി വരുന്നുണ്ട്.<br>പ്രളയക്കെടുതിയെത്തുടർന്നുള്ള പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രളയബാധിത പ്രദേശങ്ങളിൽ വീടും ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങൾക്ക് തൊഴിലുറപ്പ് പദ്ധതിയിലൂടെ തൊഴിലും വരുമാനവും ഉറപ്പുവരുത്താൻ കഴിയുംവിധമുള്ള ചുവടെപ്പറയുന്ന ഘടകങ്ങളിൽപെട്ട പ്രവൃത്തികൾ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു.<br>1) ഗ്രാമീണ റോഡുകൾ അറ്റകുറ്റപണികൾ ചെയ്ത് പുനസ്ഥാപിക്കൽ<br>2) കലുങ്കുകൾ പുനസ്ഥാപിക്കൽ<br>3) പൊതുകിണറുകളുടെ പുനരുദ്ധാരണം<br>4) ഗള്ളിപ്ലഗ്ഗിങ്, ഗാബിയോൺ, ബ്രഷ് വുഡ് ചെക്ക്ഡാം, തടയണകൾ, VCB തുടങ്ങിയ ആസ്തികളുടെ പുനർനിർമ്മാണം, അറ്റകുറ്റപണികൾ<br>5) പുഴ/തോട്/ കനാലുകളുടെ പുനരുദ്ധാരണവും പാർശ്വഭിത്തി പുനസ്ഥാപനം/ ബലപ്പെടുത്തലും<br>6) പൊതുകുളങ്ങളുടെ പുനർനിർമ്മാണം<br>7) ജലസേചനകനാലുകളുടെ പുനർനിർമ്മാണം, അറ്റകുറ്റപണികൾ<br>8) പൊതുശൗചാലയങ്ങളുടെ നിർമ്മാണം<br>9) വെള്ളപ്പൊക്കംമൂലം ഉപയോഗശൂന്യമായ സ്കൂൾ |

കക്കൂസുകളുടെ പുനസ്ഥാപനം
10) കമ്പോസ്റ്റ് സംവിധാനങ്ങളുടെ പുനസ്ഥാപനം
11) കോണ്ടൂർ ബണ്ടുകൾ/ കോണ്ടൂർ ട്രഞ്ചുകൾ തുടങ്ങിയവയുടെ പുനസ്ഥാപനം
12) വെള്ളക്കെട്ട് ഒഴിവാക്കുവാനുള്ള ഓവുചാലുകളുടെ പുനർനിർമ്മാണവും, അറ്റകുറ്റപണികളും
13) IAY/PMAY/സംസ്ഥാന പദ്ധതികളിൽ നിർമ്മിച്ച വീടുകളുടെ പുനർനിർമ്മാണവും അറ്റകുറ്റപണികളും
14) പ്രളയം, ഉരുൾപ്പൊട്ടൽ എന്നിവമൂലം തകർന്ന ഭൂപ്രദേശങ്ങളുടെ പുനസ്ഥാപനം
15) കോണ്ടൂർ ബണ്ടുകൾ/ മൺകയ്യാലകൾ തുടങ്ങിയവയുടെ പുനസ്ഥാപനം
16) നിരപ്പാക്കൽ/തട്ടുതിരിക്കൽ അടക്കമുള്ള വിവിധ ഭൂവികസന പ്രവർത്തനങ്ങൾ, ഭൂമി കൃഷിയ്ക്ക് ഉപയുക്തമാക്കലും
17) തടയണകളുടെ നിർമ്മാണവും പുനസ്ഥാപനവും
18) ജലസേചന കിണറുകളുടെ നിർമ്മാണം

പ്രളയ ദുരിതാശ്വാസ ക്യാമ്പുകളിലും പ്രളയാനന്തര വീടുകളിലെ ശുചീകരണത്തിനും ഫിനോയിൽ ബ്ലീച്ചിംഗ് പൗഡർ തുടങ്ങിയ അണുനാശിനികളും ബയോടോയ്‌ലറ്റുകൾ ഉൾപ്പെടെ മറ്റ് ശുചീകരണ സാധനങ്ങളും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ മുഖേന ശുചിത്വ മിഷൻ വിതരണം ചെയ്യുകയും പ്രവർത്തനങ്ങൾക്ക് മേൽ നോട്ടം വഹിക്കുകയും ചെയ്തിരുന്നു.

പ്രളയബാധിത പ്രദേശങ്ങളിൽ ഉൾപ്പെട്ട കുടുംബശ്രീ സൂക്ഷ്മ സംരംഭങ്ങളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സിക്ക് എം.ഇ റിവൈവൽ ഫണ്ട് നൽകുന്നതിന് തീരുമാനിച്ചു.

പ്രളയാനന്തര നവകേരള നിർമ്മാണത്തിന്റെ ഭാഗമായി എറൈസ് പദ്ധതി വഴി 13,500 പേർക്ക് വൈദഗ്ധ്യ പരിശീലനം ലഭ്യമാക്കുകയും 216 മൾട്ടി ടാസ്ക് ടീമുകൾ ആരംഭിച്ച് പ്രവർത്തിച്ചു വരികയും ചെയ്യുന്നു.

പ്രളയബാധിത പ്രദേശങ്ങളിലെ കൃഷി സംഘങ്ങൾക്ക് കൃഷി പുനരുജ്ജീവിപ്പിക്കുന്നതിന് 5000 രൂപയുടെ വീതം ഇൻപുട്ട് നൽകിയിട്ടുണ്ട്. 14,000 കൃഷി സംഘങ്ങൾക്ക് ഇതുവഴി ഗുണം ലഭിക്കും. കൂടാതെ പ്രളയത്തിൽ നഷ്ടം സംഭവിച്ച കൃഷിസംഘങ്ങൾക്ക് കാർഷിക പ്രവർത്തനങ്ങൾ നടത്താൻ വേണ്ട തുകയുടെ 60% ഗ്രാൻറായി നൽകാനുള്ള നടപടികൾ പുരോഗമിക്കുന്നു.

പ്രളയ പുനർ നിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായുള്ള സ്പെഷ്യൽ ലൈവ്‌ലിഹുഡ് പദ്ധതിയിലൂടെ ആട്ടുഗ്രാമം, ക്ഷീരസാഗരം തുടങ്ങിയ

| | | | |
|---|---|---|---|
| | | | പദ്ധതികൾ ആരംഭിച്ച് നടപ്പിലാക്കി വരുന്നു. നാളിതുവരെ 79,00,000 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പ്രവൃത്തികൾക്കായി എത്ര തുക സർക്കാർ ഇതുവരെ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ? | (ബി) | പ്രളയത്തിൽ തകർന്ന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ റോഡുകളുടെ പുനരുദ്ധാരണത്തിനായി RKI പദ്ധതിയിൽ ഉൾപ്പെടുത്തി 15.11.2019 ലെ സ.ഉ.(കൈ) നം.485/2019/ത.സ്വ.ഭ.വ. പ്രകാരം 266.30 കോടി രൂപ അനുവദിച്ചിട്ടുണ്ട്. 09.01.2020 ലെ സ.ഉ(കൈ)നം.13/2020/ത.സ്വ.ഭ.വ. പ്രകാരം ബഹു.മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി (CMDRF) ൽ നിന്നും 961.264 കോടി രൂപ അനുവദിച്ചിട്ടുണ്ട്.<br>പ്രളയ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി കുടുംബശ്രീക്ക് 75 കോടി രൂപയുടെ സ്പെഷ്യൽ ലൈവ്‌ലിഹുഡ് പ്രോജക്റ്റ് അംഗീകരിച്ചിട്ടുണ്ട്. സിക്ക് എം.ഇ റിവൈവൽ ഫണ്ടായി രണ്ട് കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |

Dannje M

**സെക്ഷൻ ഓഫീസർ**